\

**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4022 — 25.06.2014-ലെ മറുപടിയ്ക്ക്

## 'മെർസ്' രോഗം കേരളത്തിലേയ്ക്ക് വ്യാപിക്കുന്നത് തടയുന്നതിനായി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് വരുന്ന യാത്രക്കാരിൽ 'മെർസ്' രോഗം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും അവരെ തുടർന്ന് നിരീക്ഷിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | 'മെർസ്' രോഗത്തിന്റെ ചികിത്സ, പ്രതിരോധം മുതലായ വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങളും സ്വീകരിക്കേണ്ട നടപടികളും അടങ്ങിയ സർക്കുലർ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. ഈ വിഷയത്തെ ക്കുറിച്ചുള്ള സംശയ നിവാരണവും വിശദമായ ചർച്ചയും കഴിഞ്ഞ രണ്ട് എസ്.എം.ഒ. കോൺഫറൻസുകളിൽ നടത്തി, ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നടപ്പിലാക്കേണ്ട നടപടികളെക്കുറിച്ചുള്ള വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരളത്തിലെ 3 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും എയർ പോർട്ട് മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ, രോഗലക്ഷണങ്ങളോടുകൂടി എത്തുന്ന യാത്രക്കാരുടെ നിരീക്ഷണം നടന്നു വരുന്നു. യാത്രക്കാർക്ക് ഇതിനെക്കുറിച്ചുള്ള അറിവിനായി നോട്ടീസ് ബോർഡ്, വേണ്ടിവന്നാൽ സംശയ |

| | |
|---|---|
| | നിവാരണ ത്തിനും വിദഗ്ദ്ധ അഭിപ്രായ ത്തിനും കോണ്ടാക്ട് നമ്പറുകൾ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. എയർ പോർട്ട് മെഡിക്കൽ ജീവനക്കാരുടെ സഹായത്തിന് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നിയോഗിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി പ്രധാന രണ്ട് ആശുപ ത്രികളെ ഓരോ വിമാനത്താവളത്തിനും നാമകരണം ചെയ്ത് കൊടുത്തിട്ടുണ്ട്. സംസ്ഥാനത്ത് നിന്നും 'മെർസ്' പ രിശോധനയ്ക്കുള്ള തൊണ്ടയിലെ സ്രവം, കഫം എന്നിവ പ രിശോധനയ്ക്കായി ദേശീയ ഐ.ഡി. എസ്.പി. ശൃംഖലയിലുള്ള മണിപ്പാലിലെ എം.സി.വി.ആർ. ലാബിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ